II ഇ.ബി.XIV-കേരള നിയമസഭ/VII-10

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ആഗസ്റ്റ് 22, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ഹൈക്കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ എഴുന്നേറ്റുനിന്ന് പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയും അല്പസമയത്തിനുശേഷം നിശ്ശബ്ദരായി സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാവുകയും ചെയ്തു.)

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

29(*301) ജലപാതകളുടെ നിർമ്മാണ പുരോഗതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ദേശീയ

ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ കീഴിലാണ് നടപ്പിലാക്കി വരുന്നതെന്നും ജലഗതാഗത വികസന പ്രവർത്തനങ്ങൾ 2020-ഓടെ പൂർത്തിയാക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗം ദേശീയ ജലപാതയായും കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള ഭാഗം സംസ്ഥാന ജലപാതയായും വികസിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്റർ ഭാഗം ഗതാഗതയോഗ്യമാക്കുകയും കോഴിക്കോട് മുതൽ നീലേശ്വരം വരെ വിവിധ പദ്ധതികൾക്കുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിന്റെ ഭാഗമായി പാർവ്വതി പുത്തനാറിന്റെ വികസനപ്രവർത്തനങ്ങൾക്കായി 80 കോടി രൂപയുടെ പദ്ധതി വിഭാവനം ചെയ്തതോടൊപ്പം വർക്കല തുരങ്കങ്ങൾ വീതികൂട്ടി വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരികയുമാണ്. കോവളം മുതൽ നീലേശ്വരം വരെയുള്ള പ്രധാന ജലപാതയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അവയെ വിവിധ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള ലിങ്ക് കനാലുകൾ

നിർമ്മിക്കുന്നത് പരിശോധിക്കാൻ കഴിയുകയുള്ളൂ. ദേശീയ ജലപാതാ വികസനം ത്വരിതപ്പെടുത്തുന്നതോടൊപ്പം കോവളം-നീലേശ്വരം-കാഞ്ഞങ്ങാട് വരെയുള്ള ജലപാതയുടെ ഇരുകരകളുടെയും ഓരോ പ്രദേശത്തും ടൂറിസ്റ്റ് കേന്ദ്രങ്ങളും മാർക്കറ്റുകളുമടക്കമുള്ള വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. ദേശീയ ജലപാതയുടെ ഓരോ റീച്ചിന്റെയും പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വിലയിരുത്തുന്നതിനുമാവശ്യമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ടുഘട്ടങ്ങളിലായി നടപ്പിലാക്കാനുദ്ദേശിക്കുന്ന കനോലി കനാൽ ദേശീയപാതാ വികസന പ്രവർത്തനങ്ങളുടെ ആദ്യഘട്ടം പൂർത്തിയായതിനുശേഷം പാലങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നീലേശ്വരം ജലപാത ടൂറിസ്റ്റ് കേന്ദ്രമായ ബേക്കൽ വരെ ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കനോലി കനാലിന്റെ കോഴിക്കോട് ജില്ലയിലെ കല്ലായി മുതൽ കോരപ്പുഴ വരെയുള്ള ഭാഗത്തെയും ആലപ്പുഴ-ചങ്ങനാശ്ശേരി, ആലപ്പുഴ-കോട്ടയം ഭാഗത്തെയും ജലപാതകളിലെ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതാണെന്നും കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത മൂന്നിനെയും കൊല്ലം-കോവളം സംസ്ഥാന ജലപാതയെയും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം കനാലിനെ സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ദേശീയ

ജലപാത നവീകരണത്തോടനുബന്ധിച്ച് കായലുകളിലും കനാലുകളിലും അടിഞ്ഞുകിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം തുടർന്ന് ഇത്തരം പ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നിലപാട് സ്വീകരിക്കുകയും മത്സ്യബന്ധനത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെ തടസ്സപ്പെടുത്താത്ത വിധത്തിൽ അവർക്ക് നഷ്ടപരിഹാരം നൽകി കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

30 (*302) <u>കോളറ വ്യാപനം തടയുന്നതിനു മുൻകരുതലുകൾ</u>

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ പരിപാടികൾ ബഹിഷ്കരിക്കുന്നതിന്റെ ഭാഗമായി മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിപ്പിടിക്കുകയും മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ജില്ലകൾതോറുമുള്ള ഇതര സംസ്ഥാനതൊഴിലാളി ക്യാമ്പുകൾ സന്ദർശിച്ച് തൊഴിലാളികളുടെ

വ്യക്തിശുചിത്വം, പരിസര ശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സംസ്ഥാനത്ത് നിലവിലുള്ളതും ഇതര സംസ്ഥാന തൊഴിലാളികളുടെ വരവോടെ ഉണ്ടായിട്ടുള്ളതുമായ ആരോഗ്യ പ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന 'ഹെൽത്തി കേരള' പദ്ധതിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സ്ഥലങ്ങളും, വാസസ്ഥലങ്ങളും പരിശോധനയ്ക്ക് വിധേയമാക്കി മലമ്പനി, മന്ത്, കോളറ, കാൻസർ, കുഷ്ഠം, ക്ഷയം തുടങ്ങിയ പകർച്ചവ്യാധികൾ ഉള്ളവരെ കണ്ടെത്തുകയും ആവശ്യമായ ചികിത്സ നൽകുകയും ചെയ്യുന്നതോടൊപ്പം അവരുടെ ഭാഷയിൽത്തന്നെ ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ-തൊഴിൽ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വാസസ്ഥലങ്ങൾ വൃത്തിയും വെടിപ്പുമുള്ളതാക്കി മാറ്റുന്നതിനും പകർച്ചവ്യാധി തടയുന്നതിനുമുള്ള പരിശ്രമം നടത്തിവരികയാണ്. കോഴിക്കോട് ജില്ലയിൽ രോഗബാധിത പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിൽ തുടർച്ചയായി സൂപ്പർ ക്ലോറിനേഷൻ നടത്തുകയും കോളറ രോഗ വ്യാപനം തടയുന്നതിനായി തട്ടുകടകൾ, വഴിയോര ഭക്ഷണശാലകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ക്യാന്റീനുകൾ എന്നിവ നടത്തുന്നവരുടെ പ്രത്യേക മുൻകരുതലിനും

ജാഗ്രതയുമായി ഭക്ഷ്യ-സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ പരസ്യം തയ്യാറാക്കി വിവിധ പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതിനുപുറമെ തട്ടുകടകളിലും റസ്റ്റോറന്റുകളിലും പ്രത്യേക പരിശോധനകൾ നടത്തി ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ശുചിത്വനിലവാരം ഉറപ്പുവരുത്തുന്നതിനായി കർശന നിർദ്ദേശങ്ങളടങ്ങിയ നോട്ടീസുകൾ നൽകുകയും വീഴ്ച വരുത്തുന്നവർക്കെതിരെ പിഴയുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മലിനജലത്തിൽനിന്നും കോളറ പടരാനുള്ള സാദ്ധ്യത മുന്നിൽക്കണ്ട് ആരോഗ്യ-ഭക്ഷ്യസുരക്ഷാ വകുപ്പുകളുടെ നേതൃത്വത്തിൽ കിണറുകളിലെയും മറ്റു കുടിവെള്ള സ്രോതസ്സുകളിലെയും ജലം പരിശോധിച്ചതിനെത്തുടർന്ന് ചില പ്രദേശങ്ങളിൽ കോളറ വ്യാപിക്കുന്നതിന് കാരണമായ ബാക്ടീരിയകളെ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കോളറ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും മൈക്രോ പ്ലാൻ തയ്യാറാക്കി തുടർച്ചയായുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നതിനുപുറമെ കോളറ സ്ഥിരീകരിച്ച മാവൂരിലെ നാല് ജനവാസകേന്ദ്രങ്ങളിലും സ്കൂളിലും 12 സ്ഥാപനങ്ങളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശോധന നടത്തുകയും കുടിവെള്ളത്തിന്റെ 12 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി കോഴിക്കോട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറിയിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ

ഗുണനിലവാര നിയമപ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ ഉല്പാദന സംഭരണ വിതരണ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ലൈസൻസും രജിസ്ട്രേഷനും നിർബന്ധമാക്കിയതിന്റെ ഭാഗമായി ഈ വർഷം 37,348 പേർക്ക് ലൈസൻസും 1,46,028 പേർക്ക് രജിസ്ട്രേഷനും നൽകിയിട്ടുണ്ടെന്നും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ലാബുകളിൽ ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടെന്നും മന്ത്രി അറിയിച്ചു. ആരോഗ്യ വകുപ്പിലെ വിവിധ തസ്തികകളിൽ നിലനിൽക്കുന്ന സ്റ്റാഫിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനും ഹെൽത്ത് ഇൻസ്പെക്ടർമാർ ഇല്ലാത്ത സ്ഥലങ്ങളിൽ അവരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 95 ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ടെന്നും പകർച്ചവ്യാധി തടയുന്നതിന് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളെയും മാലിന്യ നിർമ്മാർജ്ജനത്തെയും സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനും പൗരന്മാരുടെ ശുചിത്വബോധം വർദ്ധിപ്പിക്കുന്നതിനുമായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താക്കൾ ചോദ്യം ചോദിക്കാതെ മുദ്രാവാക്യം വിളിച്ച് സഭാ

നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ *303-ാം നമ്പർ ചോദ്യം സഭയിൽ എടുത്തില്ല. തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കുകയും യു.ഡി.എഫ്. അംഗങ്ങൾ നിശ്ശബ്ദരായി സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

31(*304) മറൈൻ കേഡർ രൂപീകരിക്കുന്നതിന് നടപടി

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കടൽമാർഗ്ഗമുള്ള ഭീകരാക്രമണവും കടന്നുകയറ്റ സാദ്ധ്യതകളും ഫലപ്രദമായി തടയുന്നതിനും തീരദേശ സംരക്ഷണത്തിനുമായി രൂപീകരിച്ച പ്രത്യേക വിഭാഗത്തെ പോലീസിലെ പ്രത്യേക സേനയാക്കി മാറ്റുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണെന്നും പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും പുതുതായി ആരംഭിക്കുന്ന 8 തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഒരു പൊലീസ് ഇൻസ്പെക്ടർ, 2 സബ് ഇൻസ്പെക്ടർ, ഒരു ഡ്രൈവർ എന്നിവരുൾപ്പെടെ 29 ജീവനക്കാരെയും ഒരു കാഷ്വൽ സ്വീപ്പറെയും നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തീരദേശ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മറൈൻ പോലീസ് സേനയും നാവികസേന, കസ്റ്റംസ്, കോസ്റ്റ് ഗാർഡ് തുടങ്ങിയ സംവിധാനങ്ങളുമായി യോജിച്ചുകൊണ്ടുള്ള ഇടപെടലുകളാണ് നടത്തുന്നതെന്നും കൊച്ചി കേന്ദ്രീകരിച്ചുള്ള തീരദേശ പോലീസ് സെൻട്രൽ ഹെഡ്ക്വാർട്ടേഴ്സിന്റെ

നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ടെന്നും തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനുമാവശ്യമായ സഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നുണ്ടെന്നും കൂടുതൽ തുക നേടിയെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും കണ്ണൂർ ജില്ലയിൽ കോസ്റ്റ് ഗാർഡ് അക്കാഡമി ആരംഭിക്കുന്ന കാര്യവും മത്സ്യത്തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടുള്ള സന്നദ്ധസേന രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം വന്നാൽ അക്കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

32(*305) <u>സപ്ലൈകോ പദ്ധതികൾ</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, പിന്നോക്ക മലയോര പ്രദേശങ്ങളിലേയും ആദിവാസി-തീരദേശ മേഖലകളിലേയും ഭൂമിശാസ്ത്രപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലെയും ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുന്നതിനായി സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത 14 പഞ്ചായത്തുകളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ നിലവിൽ സേവനം നടത്തുന്നുണ്ടെന്നും ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി ഓണക്കാലത്ത് ജില്ലാ-താലൂക്കുതല ഫെയറുകളും പ്രത്യേക ഓണച്ചന്തകളും ഓണം

മിനി ഫെയറുകളും വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സ്പെഷ്യൽ ഫെയറുകൾ/വിൽപ്പനശാലകളിലൂടെ ശരാശരി 40% വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങളും പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ 28 ഇനം ഫ്രീസെയിൽ സബ്സിഡി സാധനങ്ങളും ലഭ്യമാക്കുന്നതോടൊപ്പം 'ശബരി' ബ്രാൻഡിൽ പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30% വിലക്കുറവിൽ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങളും 5 മുതൽ 30% വരെ വിലക്കുറവിൽ മറ്റ് അവശ്യ സാധനങ്ങളും FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിച്ചുകൊണ്ട് ഓൺലൈൻ മാർക്കറ്റിംഗിലൂടെയും അല്ലാതെയും സപ്ലൈകോ ഉൽപ്പന്നങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്. പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി 1534 സപ്ലൈകോ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ മാവേലിസ്റ്റോറുകൾ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചതിനുപുറമെ മാവേലി സ്റ്റോറുകളില്ലാത്ത 30 പഞ്ചായത്തുകളിൽ ഓണത്തോടനുബന്ധിച്ച് സ്പെഷ്യൽ ഓണച്ചന്തകൾ ആരംഭിക്കുകയും ഈ സാമ്പത്തിക വർഷാവസാനത്തോടെ ഒരു

സ്ഥിരം മാവേലി സ്റ്റോർ ആരംഭിക്കുകയും ചെയ്യുന്നതാണ്. ആദിവാസി-തീരദേശ മേഖലകളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൂടുതൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഓണത്തോടനുബന്ധിച്ച് 14 ജില്ലാ കേന്ദ്രങ്ങളിലും ഉദ്ഘാടനം ചെയ്ത സപ്ലൈകോ മെഗാ ഫെയറുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും മണ്ഡലം-താലൂക്ക്-പഞ്ചായത്തുകളുടെ ഓരോ ഔട്ട്ലെറ്റുകൾ കേന്ദ്രീകരിച്ച് അടുത്ത ഒരാഴ്ചയ്ക്കുള്ളിൽ മിനി ചന്തകൾ ആരംഭിക്കുന്നതാണെന്നും ഈ ഓണക്കാലത്ത് സപ്ലൈകോ/കൺസ്യൂമർഫെഡ് ഒരുക്കുന്ന ഓണച്ചന്തകളിൽ വി.എഫ്.പി.സി.കെ. സംഭരിക്കുന്ന ജൈവ പച്ചക്കറി വിപണനം നടത്താനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മുൻഗണനാ വിഭാഗങ്ങളുടെ പട്ടികയുടെ ഫൈനൽ പട്ടിക പ്രസിദ്ധീകരിച്ച ശേഷം റേഷൻ കാർഡിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സ്വീകരിച്ച ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ 1,02,000 പേരെയും രണ്ടാംഘട്ടത്തിൽ സർക്കാർ-അർദ്ധസർക്കാർ-പൊതുമേഖലാ ജീവനക്കാർ, സഹകരണ ബാങ്ക് ജീവനക്കാർ എന്നീ വിഭാഗങ്ങളിൽപ്പെട്ട 75482 പേരെയും അനർഹരായി കണ്ടെത്തിയിട്ടുണ്ടെന്നും അർഹരായ എല്ലാവരെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുന്ന വിധത്തിൽ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുമെന്നും

സപ്ലൈകോ ഔട്ട്ലെറ്റുകളിൽ പാക്കിംഗ് വിഭാഗത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതന വർദ്ധന വരുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി. ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി ചെയ്യുന്ന കർഷകരുടെ ഉത്പന്നങ്ങൾ കേരളാ ഓർഗാനിക് എന്ന ബ്രാൻഡിൽ 55 ഇക്കോഷോപ്പുകൾ വഴി വില്പന നടത്തിവരുന്നുണ്ടെന്നും ആയത് 200 എണ്ണമാക്കി വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും ക്ലസ്റ്ററുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ആവശ്യമെങ്കിൽ ടി ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ ഷോപ്പുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കി.

33(*306) വനിതാ ഷൂട്ടിംഗ് താരത്തെ അധിക്ഷേപിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ദേശീയ ഷൂട്ടിംഗ് താരത്തെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ തടഞ്ഞുനിർത്തി അധിക്ഷേപിച്ച സംഭവത്തെ സംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. വിമാനത്താവളത്തിനുള്ളിലെ സുരക്ഷാ ക്രമീകരണങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് പങ്കില്ലെന്നും കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക ഏജൻസി മുഖാന്തിരമാണ് നിർവ്വഹിക്കുന്നതെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3288 മുതൽ 3620 വരെയുള്ള ചോദ്യങ്ങളിൽ 111 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)